തിരുവനന്തപുരം സിറ്റി പോലീസ്

പത്രക്കുറിപ്പ്

# മോഷണ മുതലുകളുമായി പ്രതികൾ പിടിയിൽ

## കോവിഡ്-19

## കടകംപള്ളി, പേട്ട, പൂജപ്പുര, കാച്ചാണി വാർഡുകളിലെ പുതിയ കണ്ടയിൻമെന്റ് സോണുകളായ പ്രദേശങ്ങൾ അടച്ചു.

## വിലക്ക് ലംഘനം: 19 പേർക്കെതിരെ കേസ്. 32,600/- രൂപ പിഴ ഈടാക്കി

തിരുവനന്തപുരം:- വഴുതയ്ക്കാട് കോട്ടൺഹിൽ നഴ്സറി സ്കൂളിനു സമീപം ബൈക്കിൽ മോഷണ മുതലുകളുമായി കാണപ്പെട്ട രണ്ടുപേർ മ്യൂസിയം പോലീസിന്റെ പിടിയിലായതായി ഐ.ജി.പിയും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. അതേസമയം തലസ്ഥാനത്ത് പുതുതായി മൈക്രോ കണ്ടയിൻമെന്റ് സോണുകളായി പ്രഖ്യാപിച്ച കടകംപള്ളി, പേട്ട, പൂജപ്പുര, കാച്ചാണി വാർഡുകളിലെ പുതിയ മൈക്രോ കണ്ടയിൻമെന്റ് സോണുകളായ പ്രദേശങ്ങളിലേക്ക് കടന്നുവരുന്ന റോഡുകൾ അടച്ച് സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയതായും കമ്മീഷണർ അറിയിച്ചു. കോവിഡ് -19 സുരക്ഷാ നിരീക്ഷണത്തിന്റെ ഭാഗമായി സിറ്റി പോലീസ് ഇന്നലെ (28-09-2020) നടത്തിയ പരിശോധനയിൽ വിലക്ക് ലംഘനം നടത്തിയ 19 പേർക്കെതിരെ എപ്പിഡെമിക് ഡിസീസസ് ഓർഡിനൻസ്-2020 പ്രകാരം കേസെടുത്തു. മാസ്ക് ധരിക്കാത്ത 152 പേരിൽ നിന്നും, സാമൂഹിക അകലം പാലിക്കാത്ത 11 പേരിൽ നിന്നുമായി 32,600/-രൂപ പിഴ ഈടാക്കുകയും ചെയ്തു.

## മോഷണകേസുകളിലെ പ്രതികൾ പിടിയിൽ

വഴുതക്കാട് കോട്ടൺഹിൽ നഴ്സറി സ്കൂളിനു സമീപം ബൈക്കിൽ മോഷണ മുതലുകളുമായി കാണപ്പെട്ട രണ്ടു പേർ മ്യൂസിയം പോലീസിന്റെ പിടിയിലായി. വിളപ്പിൽശാല വില്ലേജിൽ നെടുംകുഴി ആഴാന്ത കുഴിവിള പുത്തൻവീട്ടിൽ കണ്ണൻ (27) മലയിൻകീഴ് വിളവൂർക്കൽ വില്ലേജിൽ പൊറ്റയിൽ കുളത്തിൽ വീട്ടിൽ അരുൺകുമാർ(26) എന്നിവരെയാണ് മ്യൂസിയം പോലീസ് അറസ്റ്റ് ചെയ്തത്. പൾസർ മോട്ടോർ ബൈക്കിൽ ചാക്ക്കെട്ടുമായി സംശയാസ്പദമായ സാഹചര്യത്തിൽ കണ്ട രണ്ടു പേരെ പോലീസ് തടഞ്ഞു നിറുത്തി പരിശോധിച്ചതിൽ വാഹനങ്ങളിൽ ഉപയോഗിക്കുന്ന ഓയിൽ കാനുകളും മറ്റു വിലപിടിപ്പുള്ള വസ്തുക്കളും കാണുകയും തുടർന്ന് കൂടുതൽ ചോദ്യം ചെയ്തതിൽ ജഗതി ഇടപഴഞ്ഞി റോഡിലെ വിനായക വർക്ക്ഷോപ്പിൽ നിന്നും മോഷണം നടത്തിയതാണെന്ന് തെളിയുകയും ചെയ്തു. ഇത്തരത്തിലുള്ള നിരവധി കേസുകൾ ഇവർ ചെയ്തിട്ടുള്ളതായി പോലീസ് കണ്ടെത്തിയിട്ടുണ്ട്. മുൻപ് ഇത്തരം കേസുകൾക്ക് പിടിയിലായിട്ടുണ്ടെങ്കിലും വാദിക്കു മോഷണ മുതലുകൾ തിരികെ കൊടുത്തു രക്ഷപെടുകയായിരുന്നു. മ്യൂസിയം എസ് ഐ സുധീഷ്കുമാർ, എ.എസ്.ഐ ഷാജി, സി പി ഓ മാരായ ബിജു, അരുൺ, എന്നിവരാണ് അന്വേഷണത്തിനും അറസ്റ്റിനും നേതൃത്വം നൽകിയത്.



മ്യൂസിയം പോലീസ് അറസ്റ്റ് ചെയ്ത
കണ്ണൻ (27) അരുൺകുമാർ(26)

**കടകംപള്ളി, പേട്ട, പൂജപ്പുര, കാച്ചാണി വാർഡുകളിലെ പുതിയ മൈക്രോ കണ്ടയിൻമെന്റ് സോണുകളായ പ്രദേശങ്ങൾ അടച്ചു.**

നഗരത്തിൽ പുതുതായി മൈക്രോ കണ്ടയിൻമെന്റ് സോണുകളായി പ്രഖ്യാപിച്ച കടകംപള്ളി വാർഡിലെ കിളികുന്നം ലെയിൻ, പേട്ട വാർഡ്, പൂജപ്പുര വാർഡിലെ വിവേകാനന്ദ നഗർ, തുരുത്താമൂല വാർഡിലെ വെട്ടിക്കോണം, വഞ്ചിയൂർ വാർഡിലെ ചെറുകുളം കോളനി പ്രദേശം എന്നിവിടങ്ങളിലേക്ക് കടന്നുവരുന്ന റോഡുകൾ അടച്ച് സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തി. ഇവിടേയ്ക്ക് ആരെയും പ്രവേശിക്കാൻ അനുവദിക്കില്ല. മെഡിക്കൽ ആവശ്യങ്ങൾക്ക് അല്ലാതെ ആരെയും പുറത്തേക്ക് വിടുന്നതുമല്ല. മെഡിക്കൽ സ്റ്റോറുകൾ ഈ സോണിൽ തുറന്നു പ്രവർത്തിക്കാം. അതുപോലെ പലചരക്ക്, പഴം-പച്ചക്കറി കടകൾ നിശ്ചിതസമയക്രമവും കർശന സുരക്ഷാ മാനദണ്ഡങ്ങളും പാലിച്ച് പ്രവർത്തിക്കാവുന്നതാണ്. ഇവിടങ്ങളിൽ യാതൊരുവിധ ഹോം-ഡെലിവറിയും അനുവദിക്കുന്നതല്ല. അത്യാവശ്യ മെഡിക്കൽ സേവനങ്ങൾക്കായി മാത്രമേ പുറത്തു പോകുന്നതിനും അകത്തേക്ക് വരുന്നതിനും അനുവദിക്കുകയുള്ളു.

**കോവിഡ്-19 സുരക്ഷ- കേസ് വിവരം**

തിരുവനന്തപുരം നഗരത്തിൽ ഇന്നലെ (28-09-2020) പോലീസ് നടത്തിയ പരിശോധനയിൽ രോഗ വ്യാപനം ഉണ്ടാക്കുന്ന തരത്തിൽ വിലക്ക് ലംഘനം നടത്തിയ 19 പേർക്കെതിരെ എപ്പിഡെമിക് ഡിസീസസ് ഓർഡിനൻസ്-2020 പ്രകാരം കേസെടുത്തു. മാസ്ക് ധരിക്കാത്തതിന് 152 പേരിൽ നിന്നും സാമൂഹിക അകലം പാലിക്കാത്ത 11 പേരിൽ നിന്നുമായി 32,600/- രൂപ പിഴ ഈടാക്കി. സുരക്ഷാ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കാതെ യാത്ര നടത്തിയ 5 വാഹനങ്ങൾക്കെതിരെയും ഇന്നലെ നിയമ നടപടി സ്വീകരിച്ചു.

കോവിഡ് സമ്പർക്ക വ്യാപനം ദിനംപ്രതി വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ തലസ്ഥാനത്തെ കണ്ടയിൻമെന്റ് സോണുകളിൽ അതിർത്തികൾ അടച്ചുകൊണ്ടുള്ള പോലീസ് നിരീക്ഷണവും പരിശോധനയും രാത്രിയും പകലും ശക്തമായി തുടരും. സുരക്ഷാ ക്രമീകരണങ്ങളുടെ ഭാഗമായി പോലീസ് ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങളോട് പൊതുജനങ്ങൾ പൂർണ്ണമായും സഹകരിക്കണം. രോഗവ്യാപനം തടയുന്നതിനായി ജാഗ്രതാ നിർദേശങ്ങൾ എല്ലാപേരും പാലിക്കണമെന്നും, വിലക്ക് ലംഘനം നടത്തുന്നവർക്കെതിരെ വിട്ടുവീഴ്ചയില്ലാതെ നിയമ നടപടികൾ സ്വീകരിക്കുമെന്നും സിറ്റി പോലീസ് കമ്മീഷണർ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു.

തിരുവനന്തപുരം സിറ്റി
28-09-2020

ഐ ജി പി & കമ്മീഷണർക്ക് വേണ്ടി

പബ്ലിക് റിലേഷൻസ് ഓഫീസർ
തിരുവനന്തപുരം സിറ്റി